K18U 0458

Reg. No.: ..............................

Name : ................................

**II Semester B.Com./B.B.A./B.B.A.T.T.M./B.B.A.R.T.M./B.T.T.M./B.B.M. Degree (C.B.C.S.S. – Reg./Supple./Imp.) Examination, May 2018**
**COMMON COURSE IN MALAYALAM**
**2A08 1MAL : Gadya Mathrukakal**
**(2016 Admn. Onwards)**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) 'മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവെയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തു പറയാൻ സംശയിക്കേണ്ടതില്ല'. ചർച്ച ചെയ്യുക.

2) 'ഒരു പാട്ടിന്റെ ദൂരം' എന്ന കഥയുടെ ആഖ്യാനപരമായ പ്രത്യേകതകൾ വിശദമാക്കുക.

3) മന:ശ്ശാസ്ത്രപരമായ വ്യാഖ്യാനങ്ങൾക്ക് വഴങ്ങുന്ന കഥയാണ് 'പൂവൻപഴം' – പരിശോധിക്കുക.

4) 'മലയാളത്തിൽ ഇംഗ്ലീഷിന്റെ സ്വാധീനം കേവലം ഉപരിതലസ്പർശിയല്ലെന്ന് ഈ ചർച്ചയിൽ നിന്ന് വ്യക്തമാണല്ലോ' – വിശദമാക്കുക. (2×7=14)

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) 'അതെ : അവൾ ഏകകാലത്തു ഹാസ്യലോലുപയായ ഒരു വിലാസിനിയും തന്റേടമുള്ള ഒരു മാനിനിയും വിചാരശീലയായ ഒരു മനസ്വിനിയുമായിരുന്നു''. ആര് ? വിശദീകരിക്കുക.

6) 'മകൻ' എന്ന കഥയിൽ സമകാലസമൂഹത്തിലെ സാംസ്കാരികതലം അഭിവ്യക്തമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

7) 'രാജൻ ചിരിച്ചുകൊണ്ടു പറഞ്ഞു: 'ശെരിയാ ... അമ്മ അസ്സല് നെയ്പ്പായസമാ ഉണ്ടാക്ക്യേത് ...' – സന്ദർഭവും ആശയവും വിശദീകരിക്കുക.

8) കാസർകോട്ടെ കുടിയേറ്റങ്ങളെക്കുറിച്ച് കെ. ബാലകൃഷ്ണന്റെ അഭിപ്രായം ശരിയോ ? പരിശോധിക്കുക.

P.T.O.

9) മലയാളത്തിലെ ആധുനിക കവിതകളെക്കുറിച്ച് കുറിപ്പെഴുതുക.

10) 'ഇംഗ്ലീഷിന്റെ സ്വാധീനം ശക്തമാകുന്നതിനു പ്രധാനകാരണം ബഹുജന മാദ്ധ്യമങ്ങളും പത്രങ്ങളുമാണെന്ന് ' പറയാനുള്ള കാരണമെന്ത് ? **(4×3=12)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) 'നിത്യജീവിതത്തിൽ പരാമർശിക്കപ്പെടേണ്ട എത്രയോകാര്യങ്ങൾ ഇംഗ്ലീഷ് പദങ്ങൾ കൊണ്ടാണ് നാം വ്യവഹരിക്കുന്നത് ''. ഉദാഹരിച്ച് വിശദമാക്കുക.

12) 'ബാലനെ ഡോക്ടറാക്കണം. അവന്റെ നെറ്റി കണ്ട്വോ ? അത്ര വല്യ നെറ്റി ബുദ്ധീടെ ലക്ഷണമാ' – സന്ദർഭമെഴുതുക.

13) 'ദേവേന്ദ്രനും ബാലിയും രാവണനും, കൃഷ്ണനും, ബലഭദ്രനും, ഭീമസേനനും ഒക്കെ ജീവിച്ചിരുന്ന മലയാളികളാണെന്ന് അവൾ പറയുകയും'. ആരാണ് പറഞ്ഞത് ? വിശദീകരിക്കുക.

14) 'മൗനിബാബ'യെക്കുറിച്ച് കുറിപ്പെഴുതുക.

15) 'അയാൾ ചാടിയെഴുന്നേറ്റ് ഇടങ്കൈകൊണ്ട് പിടിച്ചു അതനക്കുവാൻ സാധിച്ചില്ല. വലങ്കൈയും കൂട്ടി പിടിച്ചു – ഇളകിയില്ല''. എന്തിനെയാണ് പിടിച്ചത് ? സന്ദർഭമെഴുതുക.

16) മലയാളത്തിലെ പാട്ടുകാവ്യങ്ങൾ പരിചയപ്പെടുത്തുക. **(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'കേരളപാണിനി' എന്നറിയപ്പെടുന്നതാരെ ?

18) 'രാമരാജബഹദൂർ' എന്ന നോവൽ എഴുതിയതാര് ?

19) 'കളിയച്ഛൻ' – എന്ന കവിതയെഴുതിയതാര് ?

20) ഹോഡ എന്ന കന്നടവാക്കിന്റെ അർത്ഥമെന്ത് ?

21) മലബാറിലെ ചാർളിചാപ്ലിൻ എന്ന് കോമൻ നായരെ വിളിച്ചതാര് ?

22) വള്ളത്തോൾ തന്റെ ബാധിര്യത്തെ ആസ്പദമാക്കി എഴുതിയ കാവ്യമേത് ?

23) 'കവിയുടെ കാല്പാടുകൾ' എന്ന ആത്മകഥ ആരുടേതാണ് ?

24) 'രാജാങ്കണം' എന്ന കൃതി ആരുടേതാണ് ? **(6×1=6)**